REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-12-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ദേശീയ ഭിന്നശേഷി പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ സമ്മാനിച്ചു.
- രാജ്യത്തെ പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങളുടെ വിജയകരമായ നിർവ്വഹണം സംബന്ധിച്ച ചടങ്ങ് അല്പസമയത്തിനകം ചണ്ഡിഗഢിൽ.
- ആലപ്പുഴ വാഹനാപകടത്തിൽ മരിച്ച അഞ്ച് മെഡിക്കൽ വിദ്യാർത്ഥികളുടെ മൃതദേഹങ്ങൾ വണ്ടാനം മെഡിക്കൽ കോളജിൽ പൊതുദർശനത്തിന് വെച്ചു.
- സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുന്നു.
- ഏഷ്യാ കപ്പ് ജൂനിയർ പുരുഷ ഹോക്കി സെമിയിൽ ഇന്ന് നിലവിൽ ചാമ്പ്യൻമാരായ ഇന്ത്യ മലേഷ്യയുമായി ഏറ്റുമുട്ടും.

## വാർത്തകൾ വിശദമായി

ഇന്ന് ലോക ഭിന്നശേഷി ദിനം. ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനായി ഏർപ്പെടുത്തിയ ദേശീയ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപതി മുർമു ഡൽഹിയിൽ സമ്മാനിച്ചു. സമൂഹത്തിന് ഉദാത്ത മാതൃകകളായി മാറിയ അവാർഡ് ജേതാക്കൾ ദിവ്യാംഗരുടെ ശാക്തീകരണത്തിന് പ്രചോദനമാകുമെന്ന് രാഷ്ട്രപതി പറഞ്ഞു.

22 വ്യക്തികളെയും 11 സ്ഥാപനങ്ങളെയും ആണ് ഈ വർഷത്തെ ദേശീയ അവാർഡിന് തെരഞ്ഞെടുത്തത്. 100 ശതമാനം കാഴ്ച വൈകല്യം നേരിടുന്ന നിയമ വിദഗ്ധനായ അമർ ജെയിനും ലോക്കോമോട്ടർ ഡിസബിലിറ്റി നേരിടുന്ന പ്രതീക്

ഖണ്ഡേൽവാളിനുമാണ് ഈ വർഷത്തെ സർവശ്രേഷ്ഠ ദിവ്യാംഗ്ജൻ അവാർഡ്. ചടങ്ങിൽ ഭിന്നശേഷിക്കാർക്കായി നിരവധി ക്ഷേമ പദ്ധതികൾക്ക് കേന്ദ്രമന്ത്രി ഡോ.വീരേന്ദ്ര കുമാർ തുടക്കമിട്ടു.

അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം തൃശൂരിൽ മന്ത്രി ഡോ.R.ബിന്ദു നിർവ്വഹിച്ചു. ഭിന്നശേഷി മേഖലയിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും സംസ്ഥാന ഭിന്നശേഷി അവാർഡുകൾ ചടങ്ങിൽ വിതരണം ചെയ്തു.

"ഭിന്നശേഷിക്കാരുടെ നേതൃത്വത്തെ സമഗ്രവും സുസ്ഥിരവുമായ ഭാവിക്കായി വർദ്ധിപ്പിക്കുക" എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു അഞ്ച് ദിവസത്തെ സന്ദർശനത്തിന് വൈകിട്ട് ഒഡീഷയിലെ ഭുവനേശ്വറിലെത്തും. ഭുവനേശ്വറിലെ ആദിം ഒവാർ ജർപ ജഹർ സന്ദർശിക്കുന്ന രാഷ്ട്രപതി പണ്ഡിറ്റ് രഘുനാഥ് മുർമുവിന്റെ പ്രതിമ അനാച്ഛാദനം ചെയ്യും.

പുരിയിലെ ബ്ലൂ ഫ്ലാഗ് ബീച്ചിൽ നാളെ ഇന്ത്യൻ നേവി ദിനം ഉൾപ്പെടെ ഔദ്യോഗിക പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും. വ്യാഴാഴ്ച ഭുവനേശ്വറിൽ ഒഡീഷ അഗ്രികൾച്ചർ ആൻഡ് ടെക്നോളജി സർവകലാശാലയുടെ 40-ാമത് ബിരുദദാനച്ചടങ്ങിലും, ജുഡീഷ്യൽ കോടതി സമുച്ചയത്തിന്റെ ഉദ്ഘാടനച്ചടങ്ങിലും രാഷ്ട്രപതി സംബന്ധിക്കും.

✪✪✪

രാജ്യത്തെ പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങളുടെ വിജയകരമായ നിർവ്വഹണം സംബന്ധിച്ച ചടങ്ങ് അല്പസമയത്തിനകം ചണ്ഡിഗഡിൽ. രാജ്യത്ത് നടപ്പാക്കിയ മൂന്ന് നിയമങ്ങളുടെയും സമർപ്പണം പ്രധാനമന്ത്രി നരേന്ദ്രമോദി നിർവഹിക്കും. 'സുരക്ഷിത സമൂഹം, വികസിത ഇന്ത്യ: ശിക്ഷയിൽ നിന്ന് നീതിയിലേക്ക്' എന്നതാണ് പരിപാടിയുടെ പ്രമേയം. ഈ വർഷം ജൂലൈ 1-നാണ് ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക് സുരക്ഷാ സൻഹിത, ഭാരതീയ സാക്ഷ്യ അധീനിയം എന്നീ നിയമങ്ങൾ നടപ്പാക്കിയത്

സൈബർ കുറ്റകൃത്യങ്ങൾ, സംഘടിത കുറ്റകൃത്യങ്ങൾ, കുറ്റകൃത്യങ്ങളിൽ ഇരകളായവർക്ക് നീതി ഉറപ്പാക്കൽ എന്നിവയുമായി

ബന്ധപ്പെട്ട പരിഷ്കരണങ്ങൾ, ഇന്ത്യയുടെ ക്രിമിനൽ നീതിന്യായ വ്യവസ്ഥയുടെ ചരിത്രപരമായ പുനർനിർമാണം അടയാളപ്പെടുത്തുന്നതാണ്.

പുതിയ നിയമങ്ങൾ ഏതു രീതിയിൽ പ്രാബല്യത്തിൽ വരുന്നുവെന്നു വ്യക്തമാക്കുന്ന തത്സമയ പ്രദർശനവും ചടങ്ങിൽ ഒരുക്കിയിട്ടുണ്ട്.

✪✪✪

രാജ്യത്തിന്റെ പ്രഥമ രാഷ്ട്രപതി ഡോ. രാജേന്ദ്രപ്രസാദിന്റെ ജന്മദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇന്ത്യൻ ജനാധിപത്യത്തിന് ശക്തമായ അടിത്തറ പാകുന്നതിൽ ഭരണഘടനാ അസംബ്ലിയുടെ ചെയർമാൻ എന്ന നിലയിൽ രാജേന്ദ്രപ്രസാദ് വിലമതിക്കാനാവാത്ത സംഭാവനയാണ് നൽകിയതെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. ഭരണഘടനയുടെ 75-ാം വാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ജീവിതവും ആദർശവും കൂടുതൽ പ്രചോദനാത്മകമായി മാറിയെന്നും നരേന്ദ്രമോദി അറിയിച്ചു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി മുഖ്യമന്ത്രി MK സ്റ്റാലിനുമായി തമിഴ്നാട്ടിലെ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ടെലഫോണിൽ ചർച്ച ചെയ്തു. തമിഴ്നാടിന് ആവശ്യമായ സഹായങ്ങളും പിന്തുണയും നൽകുമെന്ന് പ്രധാനമന്ത്രി ഉറപ്പു നൽകി.

✪✪✪

കഴിഞ്ഞ ദിവസങ്ങളിലെ പാർലമെന്റ് സ്തംഭനത്തിനു ശേഷം പ്രതിപക്ഷ പ്രതിഷേധമില്ലാതെ ലോക്സഭയിലും രാജ്യസഭയിലും നടപടികൾ പുരോഗമിക്കുന്നു. രാജ്യസഭയിലെ ശൂന്യവേളയിൽ ഉത്തർപ്രദേശിലെ സംഭൽ കലാപം പ്രതിപക്ഷം ഉന്നയിച്ചു.

കഴിഞ്ഞ പത്തു വർഷങ്ങൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലെ വിഹിതം വൻതോതിൽ വർദ്ധിപ്പിച്ചതായി ഗവൺമെന്റ് ലോക്സഭയെ അറിയിച്ചു. ഈ വർഷം 87,000 കോടി രൂപയാണ് പദ്ധതിയിലെ വിഹിതമെന്ന് കേന്ദ്രസഹമന്ത്രി ഡോ. ചന്ദ്രശേഖർ പെമ്മാസനി അറിയിച്ചു.

✪✪✪

ജമ്മുകശ്മീരിൽ സുരക്ഷാസേന ഏറ്റുമുട്ടലിൽ ഒരു ഭീകരനെ വധിച്ചു. ശ്രീനഗറിലെ ഹർവാൻ പർവ്വത മേഖലയിൽ ഏറ്റുമുട്ടൽ തുടരുകയാണെന്ന് വാർത്താ ഏജൻസി ഇയാൻസ് റിപ്പോർട്ടു ചെയ്തു.

✪✪✪

ആലപ്പുഴ കളർകോട് വാഹനാപകടത്തിൽ മരിച്ച മെഡിക്കൽ വിദ്യാർത്ഥികളുടെ മൃതദേഹങ്ങൾ വണ്ടാനം മെഡിക്കൽ കോളജിൽ പൊതുദർശനത്തിന് വെച്ചിരിക്കുകയാണ്. രാവിലെ പോസ്റ്റുമോർട്ട നടപടി പൂർത്തിയാക്കിയ ശേഷമാണ് പൊതുദർശനം ആരംഭിച്ചത്. മന്ത്രിമാരായ വീണാ ജോർജ്, P പ്രസാദ്, സജിചെറിയാൻ തുടങ്ങിയവരും ജനപ്രതിനിധികളും മെഡിക്കൽ കോളജിൽ എത്തിയിട്ടുണ്ട്. പൊതുദർശനത്തിനുശേഷം മൃതദേഹങ്ങൾ വിദ്യാർത്ഥികളുടെ നാടുകളിലേക്ക് സംസ്കാരത്തിനായി കൊണ്ടു പോകും.

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ അല്പസമയത്തിനകം മെഡിക്കൽ കോളജിലെത്തി മരിച്ച വിദ്യാർത്ഥികൾക്ക് അന്ത്യോപചാരമർപ്പിക്കും.

✪✪✪

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുകയാണ്. വെള്ളിയാഴ്ച വരെ മഴയുണ്ടാകുമെന്നാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്.

കാസർകോട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

കേരള-ലക്ഷദ്വീപ് -കർണാടക തീരങ്ങളിൽ മണിക്കൂറിൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

ഐലീഗ് ഫുട്ബോളിൽ സീസണിലെ ആദ്യ ഹോം മത്സരത്തിൽ ഇന്ന് ഗോകുലം കേരള FC മിസോറം ക്ലബായ ഐസ്വാൾ FCയെ നേരിടും, രാത്രി 7 നു കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

✪✪✪

ISL ഫുട്ബോളിൽ ജംഷഡ്പൂർ F.Cക്ക് ജയം. ജംഷഡ്പൂരിൽ മുഹമ്മദൻ S.Cയെ ഒന്നിനെതിരെ 3 ഗോളുകൾക്കാണ് അവർ പരാജയപ്പെടുത്തിയത്.

✪✪✪

ഏഷ്യാ കപ്പ് ജൂനിയർ പുരുഷ ഹോക്കി സെമിയിൽ ഇന്ന് നിലവിൽ ചാമ്പ്യൻമാരായ ഇന്ത്യ മലേഷ്യയുമായി ഏറ്റുമുട്ടും. മസ്കറ്റിൽ ഇന്ത്യൻ സമയം രാത്രി 8.30 നാണ് മത്സരം.

മറ്റൊരു സെമിയിൽ പാക്കിസ്ഥാനും ജപ്പാനും തമ്മിൽ മത്സരിക്കും. നാളെയാണ് ഫൈനൽ.

✪✪✪

കണ്ണൂർ ഇരിട്ടിക്കടുത്തെ എടൂർ സെന്റ് മേരീസ് ഫൊറോന പള്ളി, മലബാറിലെ ആദ്യത്തെ ആർക്കി എപ്പിസ്കോപ്പൽ മരിയൻ തീർഥാടന കേന്ദ്രമാകുന്നു. വെള്ളിയാഴ്ചയാണ് ഔദ്യോഗിക പ്രഖ്യാപനം.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.]

.........(വോയ്സ്)......

✪✪✪

കണ്ണൂർ ADM ആയിരുന്ന K. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട കേസിലെ തെളിവുകൾ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് അദ്ദേഹത്തിന്റെ ഭാര്യ K.മഞ്ജുഷ നൽകിയ ഹർജിയിൽ ഇന്ന് വിധി പറയും. കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിലാണ് ഹർജി നൽകിയത്.

✪✪✪

സൈബർ തട്ടിപ്പ് വഴി നാല് കോടി തട്ടിയെടുത്ത കേസിൽ കൂട്ടുപ്രതികളായ രണ്ട് പേരെ മധ്യപ്രദേശിൽ നിന്ന് കോഴിക്കോട് സിറ്റി സൈബർ ക്രൈം പോലീസ് പിടികൂടി.

മധ്യപ്രേശിലെ അലോട്ട് സ്വദേശിയായ ഷാഹിദ് ഖാൻ, ഉജ്ജയിൻ സ്വദേശി ദിനേഷ് കുമാർ ഫുൽവാനി എന്നിവരാണ് പിടിയിലായത്.

✪✪✪

സമഗ്ര ശിക്ഷ കേരളം ഭിന്നശേഷി വാരാചരണത്തിന്റെ കണ്ണൂർ ജില്ലാതല ഉദ്ഘാടനം വൈകീട്ട് മാടായി ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ M. വിജിൻ MLA നിർവഹിക്കും.

ജില്ലയിലെ 15 BRCകളിലെയും ഭിന്നശേഷി കുട്ടികളെ പങ്കെടുപ്പിച്ച് ജില്ലാതല ഷട്ടിൽ ടൂർണമെൻറ്, കാഴ്ചപരിമിതി നേരിടുന്നവർക്കായി സംസ്ഥാനതല ചെസ് മത്സരം എന്നിവയും സംഘടിപ്പിക്കും. BRC യിൽ വിവിധ പ്രവർത്തനങ്ങളിൽ പങ്കെടുത്ത കുട്ടികളുടെ സ്നേഹസംഗമം ഭിന്നശേഷി കുട്ടികളുടെ അമ്മമാരെ ആദരിക്കൽ എന്നിവയും ഉണ്ടാകും.

✪✪✪

ഭിന്നശേഷി ക്ഷേമ ദേശീയ സംഘടന, സക്ഷമയുടെ ദിവ്യാംഗ സേവാ കേന്ദ്രം കോഴിക്കോട് കേസരി ഭവനിൽ ഉദ്ഘാടനം ചെയ്തു. സക്ഷമ കേരളം സംസ്ഥാന പ്രസിഡന്റ് ഡോ. രാമചന്ദ്രൻ മന്നത്ത്, കേന്ദ്രം ഭിന്നശേഷിക്കാർക്ക് സമർപ്പിച്ചു.

✪✪✪

കണ്ണൂർ സാമൂഹ്യ നീതി വകുപ്പ് ഇന്ന് നടത്താൻ നിശ്ചയിച്ചിരുന്ന 'ഉണർവ്' ഭിന്നശേഷി കായിക മേള അതിതീവ്ര മഴ മുന്നറിയിപ്പ് ലഭിച്ച സാഹചര്യത്തിൽ മാറ്റിവെച്ചതായി ജില്ലാ സാമൂഹ്യനീതി ഓഫീസർ അറിയിച്ചു.

✪✪✪

സ്വർണവില വർദ്ധിച്ചു. ഗ്രാമിന് 40 രൂപ വർദ്ധിച്ച് പവന് 57,040 രൂപയായി.

✪✪✪

ഇടുക്കി മാങ്കുളത്ത് സംഘടിപ്പിച്ച ത്രിദിന ആഗോള ലിംഗ സമത്വ ഉത്തരവാദിത്ത ടൂറിസം സമ്മേളനം സമാപിച്ചു. സംസ്ഥാന ടൂറിസം

വകുപ്പ്, ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി, UN വിമെൻ എന്നിവ സംയുക്തമായാണ് ആഗോള സമ്മേളനം സംഘടിപ്പിച്ചത്.

✪✪✪

കണ്ണൂർ അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളേജിനു സമീപം നിയന്ത്രണം വിട്ട കാർ  കുളത്തിലേക്ക് മറിഞ്ഞ് യുവാവ് മരിച്ചു. അങ്ങാടിക്കടവ് കുറച്ചിക്കുന്നേൽ ഇമ്മാനുവൽ ആണ് മരിച്ചത്. 24 വയസ്സ് ആയിരുന്നു. ഇന്ന് രാവിലെ ആയിരുന്നു അപകടം.

✪✪✪

CPIM മംഗലപുരം ഏരിയ സമ്മേളനവുമായി ബന്ധപ്പെട്ട് പാർട്ടി തത്വങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചതിന് ഏരിയ സെക്രട്ടറി ആയിരുന്ന മധു മുല്ലശ്ശേരിയെ പാർട്ടിയിൽ നിന്ന് പുറത്താക്കി. തിരുവനന്തപുരം ജില്ലാ കമ്മിറ്റിയുടേതാണ് നടപടി.

✪✪✪

ബീമാപള്ളി ദർഗ്ഗാ ഷരീഫിലെ വാർഷിക ഉറൂസ് മഹോത്സവത്തിന് തുടക്കമായി. ഈ മാസം 13 വരെയാണ് ബീമാപ്പള്ളി ഉറൂസ്.

✪✪✪